"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കണ്ണൂർ കോർപ്പറേഷൻ- പയ്യാമ്പലത്ത് അഴീക്കോട് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വാതകശ്മശാനത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.557/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/03/2020

പരാമർശം:- 1 കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 30/08/2018 ലെ ഇ9-20944/15 നമ്പർ കത്ത്

2 നഗരകാര്യ ഡയറക്ടറുടെ 12/04/2019 ലെ ഡി.സി2/23343/2018/ന.കാ.വ നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ കോർപ്പറേഷനിലെ പയ്യാമ്പലത്ത് അഴീക്കോട് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആധുനിക രീതിയിലുള്ള വാതകശ്മശാനത്തിന്റെ DPR തയ്യാറാക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഗ്യാസ് ക്രിമിറ്റോറിയന്റെ DPR തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് ഗോൾഡ് ലിങ്ക് റോഡ് , മാലാപ്പറമ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയതുപോലെ അതേ മാതൃകയിലുള്ള വാതകശ്മശാനത്തിന്റെ DPR തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിരുന്നു. പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക രീതിയിലുള്ള വാതകശ്മശാനത്തിന്റെ DPR തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട് ഗോൾഡ് ലിങ്ക് റോഡ് , മാലാപ്പറമ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തണമെന്ന നഗരസഭാ കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഗ്യാസ് ക്രിമിറ്റോറിയന്റെ DPR തയ്യാറാക്കുന്നതിന് ടി സ്ഥാപനത്തെ ഏൽപിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും ഇതു സംബന്ധിച്ച കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ കോർപ്പറേഷനിലെ പയ്യാമ്പലത്ത് അഴീക്കോട് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആധുനിക രീതിയിലുള്ള വാതകശ്മശാനത്തിന്റെ DPR തയ്യാറാക്കുന്നതിന് സ്പെയ്സ് ആർട്ട്, ഗോൾഡ് ലിങ്ക്

റോഡ് , മാലാപ്പറമ്പ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നിരക്ക് നിലവിലുള്ള ഉത്തരവുകൾ പ്രകാരം അനുവദനീയമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ശ്രീ.കെ.എം ഷാജി, എം.എൽ.എ (ആമുഖകത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സ്പെയ്സ് ആർട്ട് ഗോൾഡ് ലിങ്ക് റോഡ് , മാലാപ്പറമ്പ്, കോഴിക്കോട്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ